**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5060** **20-03-2025 - ൽ മറുപടിയ്ക്ക്**

**ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിനെ പരസ്യമായി അപമാനിക്കാൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ അധ്യക്ഷ ആസൂത്രിതമായി നീക്കം നടത്തിയതായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ മുൻപാകെ മൊഴികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | യാത്രയയപ്പ് ചടങ്ങിലേക്ക് കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ അധ്യക്ഷ യാദൃച്ഛികമായി വന്നതാണെന്ന വാദങ്ങളെ തള്ളുന്ന എന്തൊക്കെ മൊഴികളാണ് ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ മുൻപാകെ ലഭിച്ചതെന്ന് വിശദമാക്കുമോ; | (ബി) | കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ അദ്ധ്യക്ഷയുടെ കോൺഫെഡൻഷ്യൽ അസിസ്റ്റന്റ് ജില്ലാ കളക്ടറേറ്റിലേക്ക് പല തവണ ഫോണിൽ വിളിച്ച് ചടങ്ങ് ആരംഭിച്ചോ എന്ന് അന്വേഷിച്ചതായി കളക്ടറേറ്റ് സ്റ്റാഫിന്റെ മൊഴി ഉള്ളതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) | ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബു കൈക്കൂലി വാങ്ങിയത് സംബന്ധിച്ച് യാതൊരു തെളിവും ലഭ്യമായിട്ടില്ലായെന്നും പെട്രോൾ പമ്പിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകളിൽ അകാരണമായ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ലായെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിലുള്ള അന്വേഷണ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. ക്രിമിനൽ കേസിൽ നടന്നുവരുന്ന അന്വേഷണത്തിന് ഫയലിലെ രേഖകൾ അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുകയാണെങ്കിൽ നൽകുവാനും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ